ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്സ് ലോഡിംഗ് ആൻറ് അൺലോഡിംഗ് ആൻറ് ജനറൽ വർക്കേഴ്സ് യൂണിയൻ, കൊല്ലം; ജില്ല കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ, കൊല്ലം; ആട്ടോ റിക്ഷാ തൊഴിലാളി യൂണിയൻ; കെൽട്രോൺ ലേബർ ഫെഡറേഷൻ (യു.ടി.യു.സി.)

വിദ്യാഭ്യാസ വകുപ്പു മന്ത്രി: കെ.എസ്.ആർ.ടി.സി. ലേബർ യൂണിയൻ.

(എഫ്) ലഭ്യമായ വിവരമനുസരിച്ച് ക്ഷേമ സിവിൽ സപ്ലൈസ വകുപ്പു മന്ത്രി, സഹകരണ വകുപ്പു മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി.

(ജി) (1) ക്ഷേമ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി: സ്വതന്ത്ര തൊഴിലാളി യൂണിയൻറെ അഖിലേന്ത്യാ പ്രസിഡൻറാണ്. കേരളത്തിലെ ഒരു യൂണിയൻറെയും ഭാരവാഹിയല്ല.

(2) സഹകരണ വകുപ്പു മന്ത്രി:

പ്രസിഡൻറ്— ടൈറാനിയം എംപ്ലോയീസ് ഫെഡറേഷൻ.
,, കേരള സ്റ്റേറ്റ് കെൽട്രോൺ ജനത എംപ്ലോയീസ് യൂണിയൻ.
,, കേരള ഖാദി ഗ്രാമ വ്യവസായ തൊഴിലാളി യൂണിയൻ.

സ്റ്റേറ്റ് പ്രസിഡൻറ്—നാഷണൽ ലേബർ ഓർഗനൈസേഷൻ. (മന്ത്രിയായതിനു ശേഷം വർക്കിംഗ് പ്രസിഡൻറുമാരാണ് ഭാരവാഹിത്വം വഹിക്കുന്നത്.)

(3) തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി:

ജനറൽ സെക്രട്ടറി— എൻ.എം.ആർ. മസ്ദൂർ സഭ, പാലക്കാട് ജില്ല.
,, തിയേറ്റർ മസ്ദൂർ സഭ, പാലക്കാട് ജില്ല.
,, റബ്ബർ എസ്റ്റേറ്റ് മസ്ദൂർ സഭ, പാലക്കാട് ജില്ല.
,, എഫ്.എ.സി.ടി. മസ്ദൂർ സഭ, പാലക്കാട്.
,, ഹോട്ടൽ മസ്ദൂർ സഭ, പാലക്കാട്.

ആർ.എൽ.ഇ.ജി.പി. റോഡ് പണി

* 72 [114] ശ്രീ. കെ.ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എൽ.ഇ.ജി.പി. യിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡ് പണികൾക്ക് ടാർ കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ എത്ര ടൺ ടാർ ഇതിനകം കിട്ടിയെന്ന് പറയാമോ;

(ഡി) ടാർ കിട്ടാത്തതിൻറെ പേരിൽ എത്ര റോഡ് പണി മുടങ്ങി കിടക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യവികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) സ്വീകരിച്ചു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 3559.693 മെട്രിക് ടൺ

(ഡി) 13

കെട്ടിട നിർമ്മാണ തൊഴിലാളികൾ

* 73 [115] ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ആകെ ഉള്ള കെട്ടിടനിർമ്മാണ തൊഴിലാളികളെത്ര;

(ബി) കെട്ടിടനിർമ്മാണ തൊഴിലാളികളുടെ സംഘടനകൾ എന്തെങ്കിലും നിവേദനങ്ങൾ ഗവൺമെൻറിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം;

(ഡി) ഈ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ഗവൺമെൻറ് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 1983-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 18101 കെട്ടിട നിർമ്മാണ തൊഴിലാളികളാണ് ഉള്ളത്.

(ബി) ഉണ്ട്.

(സി) കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുള്ള നിയമ സംരക്ഷണം നടപ്പിലാക്കുക, ക്ഷേമനിധി രൂപീകരിക്കുക എന്നിവയാണ് പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിലേക്കായി ഒരു കമ്മീഷനെ നിയമിക്കുകയും കമ്മീഷൻറെ റിപ്പോർട്ട് വരുത്തുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻറെ ശുപാർശകൾ പരിഗണിച്ചു വരുന്നു.

എൻ.ആർ.ഇ.പി. യിലും ആർ.എൽ.ഇ.ജി.പി. യിലും സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യം

* 74 [116] ശ്രീ. എം.കെ. കേശവൻ:
,, കെ.പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85-ൽ എൻ.ആർ.ഇ.പി. യിലും ആർ.എൽ.ഇ.ജി.പി.യിലും സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യം എത്ര;

(ബി) അതിൽ എത്രയാണ് സംസ്ഥാനത്ത് ഉപയോഗിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly